# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4536** **13.11.2019 ലെ മറുപടി**

### കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വലിയതോടിന്റെ സംരക്ഷണ ഭിത്തി തകർന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 07.03.2018-ലെ W1/LA/11969 പ്രകാരം ഉള്ള ചീഫ് എഞ്ചിനീയറിന്റെ കത്തിന്മേൽ എന്തു നടപടി എടുത്തുവെന്ന് വിശദമാക്കാമോ; | (എ) | സംരക്ഷണ ഭിത്തി തകർന്നതുമായി ബന്ധപ്പെട്ട നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 07/03/2018 ലെ കത്തിന്മേൽ തുടർനടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യോട് നിർദ്ദേശി ച്ചിരുന്നു. കഴിഞ്ഞ പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ കൂടി പരിഗണിച്ച് പുതിയ പഠന റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വലിയ തോടിന്റെ സംരക്ഷണഭിത്തി പുനർ നിർമ്മിക്കാൻ ചെറുകിട ജലസേചന വിഭാഗം എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര തുകയുടെ എസ്റ്റിമേറ്റ് ആണ് എടുത്തത് എന്ന് അറിയിക്കാമോ; | (ബി) | പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | വലിയ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് പരിശോധനകൾ പൂർത്തിയാക്കിയ ശേഷം പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**